**ഗസറ്റ് തീയതി : 16.04.2022**

**അവസാന തീയതി : 18.05.2022**

**സ്പെഷ്യൽ റിക്രൂട്ട്മെന്റ് – ജില്ലാതലം**

**കാറ്റഗറി നമ്പർ : 092/2022**

കേരള സംസ്ഥാന സർവ്വീസിൽ വനം – വന്യജീവി വകുപ്പിൽ **ബീറ്റ് ഫോറസ്റ്റ് ഓഫീസർ** തസ്തികയിലേയ്ക്ക് **ഉപജീവനത്തിനായി വനത്തെ ആശ്രയിച്ച് കഴിയുന്ന ആദിവാസി സമൂഹത്തിലെ** യോഗ്യതയുള്ള **പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട** ഉദ്യോഗാർത്ഥികളിൽ നിന്നും ഓൺലൈനായി ഒറ്റത്തവണ രജിസ്ട്രേഷൻ പ്രകാരം കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ ഔദ്യോഗിക വെബ്സൈറ്റിലൂടെ (www.keralapsc.gov.in) അപേക്ഷകൾ ക്ഷണിക്കുന്നു.

**പാർട്ട്– I 60% ഒഴിവിലേയ്ക്ക് പൊതു വിഭാഗത്തിൽ നിന്നുള്ള പ്രത്യേക നിയമനം**

**1 വകുപ്പ്** : വനം – വന്യജീവി വകുപ്പ്

**2 ഉദ്യോഗപ്പേര്** : ബീറ്റ് ഫോറസ്റ്റ് ഓഫീസർ (ഉപജീവനത്തിനു വേണ്ടി വനത്തെ ആശ്രയിച്ച് കഴിയുന്ന ആദിവാസി വിഭാഗത്തിൽപ്പെട്ട പട്ടികവർഗ്ഗക്കാർക്കായുള്ള പ്രത്യേക നിയമനം) **പാർട്ട്– I (60% ഒഴിവിലേയ്ക്ക് പൊതുവിഭാഗത്തിൽ നിന്നുള്ള നിയമനം).**

(കുറിപ്പ്: i) ഭിന്നശേഷിയുള്ളവർക്ക് ഈ വിജ്ഞാപനപ്രകാരം അപേക്ഷിക്കുവാൻ അർഹതയുണ്ടായിരിക്കുന്നതല്ല.

ii) ഉപജീവനത്തിനുവേണ്ടി വനത്തെ ആശ്രയിച്ച് കഴിയുന്ന ആദിവാസി സമൂഹത്തിലെ യോഗ്യതയുള്ള പട്ടികവർഗ്ഗവിഭാഗത്തിൽപ്പെട്ട പുരുഷന്മാർക്കും സ്ത്രീകൾക്കും ഈ തസ്തികയിലേക്ക് അപേക്ഷിക്കാവുന്നതാണ്.)

iii) ദിവസവേതനാടിസ്ഥാനത്തിൽ ജോലിചെയ്യുന്നവർക്കായി സംവരണം ചെയ്തിരിക്കുന്ന 40% ക്വാട്ടയിൽ അപേക്ഷിക്കുന്നവർ പൊതുവിഭാഗത്തിലേയ്ക്കും അപേക്ഷിക്കാൻ ആഗ്രഹിക്കുന്നുണ്ടെങ്കിൽ രണ്ടു കാറ്റഗറിയിലും പ്രത്യേകം പ്രത്യേകം അപേക്ഷ സമർപ്പിക്കേണ്ടതാണ്.

**3 ശമ്പളം** : `₹.20000 – 45800/– (PR)

**4 ഒഴിവുകളുടെ എണ്ണം** : **ജില്ലാടിസ്ഥാനത്തിൽ**

തിരുവനന്തപുരം – 12
കൊല്ലം – 06
പത്തനംതിട്ട – 06

https://www.freshersnow.com/government-jobs-india/

| | |
|---|---|
| കോട്ടയം | – 12 |
| ഇടുക്കി | – 24 |
| എറണാകുളം | – 12 |
| തൃശ്ശൂർ | – 06 |
| പാലക്കാട് | – 36 |
| മലപ്പുറം | – 18 |
| കോഴിക്കോട് | – 12 |
| വയനാട് | – 102 |
| കണ്ണൂർ | – 27 |
| കാസർഗോഡ് | – 27 |

**കുറിപ്പ്:-(I)** അപേക്ഷകരുടെ എണ്ണം കൂടുതലാണെങ്കിൽ ആദ്യഘട്ടമായി ഒ എം ആർ പരീക്ഷ നടത്തുന്നതാണ്. പ്രസ്തുത പരീക്ഷ 2022 ആഗസ്റ്റ് മാസം നടത്തുന്നതായിരിക്കും.

**(II)** തിരഞ്ഞെടുപ്പിന്റെ പരീക്ഷാ ഘട്ടത്തിൽ അവിവാഹിതരായ അമ്മമാർ, അവരുടെ കുട്ടികൾ, വിധവകളായ അമ്മമാരുടെ കുട്ടികൾ, അനിമൽ ഹാൻഡിലിങ്ങ് ഇൻ സൂ ആന്റ് ഫോറസ്റ്റ് കോഴ്സ് പാസ്സായ ഉദ്യോഗാർത്ഥികൾ എന്നീ വിഭാഗക്കാർക്ക് [സ.ഉ.(കൈ) നം 8/2022 F& WLD Dtd: 10/02/2022 ലെ സർക്കാർ ഉത്തരവിലെ ഇനം 5, പാരാ 2 (vi) കാണുക] ജനറൽ ക്വാട്ടയിൽ മുൻഗണന ലഭിക്കുന്നതാണ്. ആയതിനാൽ ടി വിഭാഗക്കാർക്ക് പ്രത്യേകം ചുരുക്കപ്പട്ടിക തയ്യാറാക്കുന്നതും ടി ചുരുക്കപ്പട്ടികകളെ എകീകരിച്ച് യോഗ്യതയുടെ അടിസ്ഥാനത്തിൽ അന്തിമ റാങ്ക് പട്ടിക പ്രസിദ്ധപ്പെടുത്തുന്നതുമാണ്. (ടി വിഭാഗക്കാരായ ഉദ്യോഗാർത്ഥികളുടെ പ്രാതിനിധ്യം ഉറപ്പാക്കുന്നതിനാണ് ഈ വ്യവസ്ഥ.)

**(III)** ഈ വിജ്ഞാപനപ്രകാരമുള്ള റാങ്ക് ലിസ്റ്റ് ജില്ലാടിസ്ഥാനത്തിൽ തയ്യാറാക്കുന്നതാണ്. അപ്രകാരം തയ്യാറാക്കുന്ന റാങ്ക് ലിസ്റ്റിന്റെ കാലാവധി, റാങ്ക് ലിസ്റ്റ് പ്രാബല്യത്തിൽ വരുന്ന തീയതി മുതൽ ഏറ്റവും കുറഞ്ഞത് ഒരു വർഷവും ഏറ്റവും കൂടിയത് മൂന്ന് വർഷവും പ്രാബല്യത്തിൽ ഉണ്ടായിരിക്കും. എന്നാൽ ഒരു വർഷത്തിനുശേഷം ഇതേ ഉദ്യോഗത്തിന് ഒരു പുതിയ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കപ്പെടുകയാണങ്കിൽ ആ തീയതി മുതൽ ഈ വിജ്ഞാപന പ്രകാരം തയ്യാറാക്കുന്ന റാങ്ക് ലിസ്റ്റിന് പ്രാബല്യമുണ്ടായിരിക്കുന്നതല്ല. മുകളിൽ കാണിച്ചിട്ടുള്ള ഒഴിവിലേയ്ക്കും ലിസ്റ്റ് പ്രാബല്യത്തിലിരിക്കുന്ന സമയത്ത് സ്പെഷ്യൽ റിക്രൂട്ട്മെന്റിനുവേണ്ടി വനത്തെ ആശ്രയിച്ചു കഴിയുന്ന പട്ടികവർഗ്ഗക്കാർക്കായി പിന്നീട് എഴുതി അറിയിക്കപ്പെടുന്ന കൂടുതൽ ഒഴിവുകളിലെ 60% ഒഴിവുകളിലേയ്ക്കും പ്രസ്തുത ലിസ്റ്റിൽ നിന്നും നിയമനം നടത്തുന്നതാണ്.

**(IV)** ഓരോ ജില്ലയ്ക്കും അനുവദിച്ച ആകെ ഒഴിവുകളുടെ 60% ജനറൽ ക്വാട്ടയ്ക്കും (ടി 60% ൽ പുരുഷന്മാർ 80% ; സ്ത്രീകൾ 20%), 40% റിസർവേഷൻ ക്വാട്ടയ്ക്കും (വനം വകുപ്പിൽ ദിവസവേതനാടിസ്ഥാനത്തിൽ ജോലിചെയ്യുന്നവർക്ക്) സംവരണം ചെയ്തിരിക്കുന്നു. റിസർവേഷൻ ക്വാട്ടയിൽപ്പെട്ട ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ ടി ഒഴിവ് ജനറൽ ക്വാട്ടയിൽ നിന്നും നികത്തുന്നതാണ്.

https://www.freshersnow.com/government-jobs-india/

(V) **സ.ഉ.(കൈ) നം.3/ 2021/വനം, തീയതി 12.02.2021; സ.ഉ.(കൈ) നം. 8/2022/ F& WLD, തീയതി 10/02/2022 എന്നിവ പ്രകാരം ഉപജീവനത്തിനു വേണ്ടി വനത്തെ ആശ്രയിച്ച് കഴിയുന്ന ആദിവാസിസമൂഹത്തിലെ പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് മാത്രമായി ഈ വിജ്ഞാപനം പരിമിതപ്പെടുത്തിയിരിക്കുന്നു. ഈ വിജ്ഞാപന പ്രകാരമുള്ള തെരഞ്ഞെടുപ്പ് ജില്ലാ അടിസ്ഥാനത്തിലായിരിക്കും. ഓരോ ജില്ലയിലേക്കും അതത് ജില്ലയിൽ നിന്നുള്ള ഉദ്യോഗാർത്ഥികളെ മാത്രമേ പരിഗണിക്കുകയുള്ളൂ.**

(VI) **ഈ തസ്തികയ്ക്ക് അപേക്ഷിക്കുന്ന ഉദ്യോഗാർത്ഥികൾ താഴെ പറയുന്ന രണ്ട് വ്യവസ്ഥകളിൽ (a, b) ഏതെങ്കിലും ഒന്ന് പ്രകാരമുളള രേഖകൾ ഹാജരാക്കേണ്ടതാണ്.**

**a) The Scheduled Tribe and Other Traditional Forest Dwellers (Recognition of Forests Rights) Act,2006 (വനാവകാശ നിയമം 2006) പ്രകാരം, വ്യക്തിഗത അവകാശവുമായി ബന്ധപ്പെട്ട് കുടുംബത്തിനു ലഭിച്ച വ്യക്തിഗത കൈവശാവകാശ രേഖ.**

**അല്ലെങ്കിൽ**

**b) പട്ടികവർഗ്ഗത്തിൽപ്പെട്ട വ്യക്തിയാണന്ന് തെളിയിക്കുന്നതിനായി ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസറിൽ (TEO) കുറയാത്ത ഉദ്യോഗസ്ഥൻ നല്കുന്ന സർട്ടിഫിക്കറ്റോ അല്ലെങ്കിൽ വില്ലേജ് ഓഫീസറിൽ കുറയാതെയുള്ള റവന്യൂ അധികാരിയിൽ നിന്നും ലഭിക്കുന്ന ജാതി സർട്ടിഫിക്കറ്റോ, ഇതിൽ ഏതെങ്കിലും ഒന്നും ഒപ്പം വനവുമായി ബന്ധപ്പെട്ട് ഉപജീവനം നടത്തുന്ന ആളാണെന്ന് തെളിയിക്കുന്നതിനായി ബന്ധപ്പെട്ട റേഞ്ച് ഫോറസ്റ്റ് ഓഫീസറിൽ (ടെറിട്ടോറിയൽ/വന്യജീവി വിഭാഗം) കുറയാത്ത ഉദ്യോഗസ്ഥരിൽ നിന്നും ലഭിച്ച സർട്ടിഫിക്കറ്റും അപേക്ഷയോടൊപ്പം ഹാജരാക്കേണ്ടതാണ്.**

**5 നിയമനരീതി** : നേരിട്ടുള്ള നിയമനം
(വനത്തെ ആശ്രയിച്ച് കഴിയുന്നതും വനത്തിനുള്ളിലോ, വനത്താൽ ചുറ്റപ്പെട്ടതോ, വനത്തോട് ചേർന്ന് കിടക്കുന്നതോ ആയ പ്രദേശങ്ങളിലുള്ള ആദിവാസി ഊരുകളിൽ താമസിക്കുന്നവരുമായ ആദിവാസി സമൂഹത്തിലെ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളിൽ നിന്നും – സ്പെഷ്യൽ റിക്രൂട്ട്മെന്റ് )

**കുറിപ്പ്:**–1. വനാശ്രിതരായ ആദിവാസി–പട്ടികവർഗ്ഗവിഭാഗത്തിൽപ്പെടാത്തതും അതാതു ജില്ലയിൽ നിന്നുള്ളവരുമല്ലാത്ത ഉദ്യോഗാർത്ഥികൾ സമർപ്പിക്കുന്ന അപേക്ഷകൾ നിരസിക്കുന്നതാണ്. അങ്ങനെയുള്ളവർക്ക് അപേക്ഷ നിരസിച്ചുകൊണ്ടുള്ള അറിയിപ്പ് പ്രത്യേകമായി നൽകുന്നതല്ല.

2. വനാതിർത്തിയോട് ചേർന്നുള്ള രണ്ട് കി.മിപരിധിയിലുള്ള ആദിവാസി ഊരുകളിൽ താമസിക്കുന്ന ആദിവാസി സമൂഹത്തിലെ പട്ടികവർഗ്ഗ

https://www.freshersnow.com/government-jobs-india/

വിഭാഗത്തിൽപ്പെട്ടവരെ നേരിട്ട് വനത്തെ ആശ്രയിച്ച് ഉപജീവനം നടത്തുന്നവരായി കരുതാവുന്നതാണ്.

3. ആലപ്പുഴ ജില്ലയിൽ വനം ഇല്ലാത്തതിനാൽ പ്രസ്തുത ജില്ലയിൽ തെരഞ്ഞെടുപ്പ് ഉണ്ടായിരിക്കുന്നതല്ല.

**6 പ്രായപരിധി** : 18 – 41 , ഉദ്യോഗാർത്ഥികൾ 02.01.1981 നും 01.01.2004 നും ഇടയിൽ ജനിച്ചവരായിരിക്കണം (രണ്ട് തീയതികളും ഉൾപ്പെടെ). വയസ്സിളവിനെ സംബന്ധിച്ച മറ്റ് ആനുകൂല്യങ്ങൾ ഈ തെരഞ്ഞെടുപ്പിന് ബാധകമല്ല.

**7 യോഗ്യതകൾ:**

1) **വിദ്യാഭ്യാസ യോഗ്യതകൾ:**

എസ്.എസ്.എൽ.സി യോ തത്തുല്യമായ പരീക്ഷയോ പാസ്സായവർക്കും, എസ്.എസ്.എൽ.സി കോഴ്സ് പൂർത്തിയാക്കിയതോ, തത്തുല്യ യോഗ്യതയോ ഉള്ളവർക്കും അപേക്ഷ സമർപ്പിക്കാവുന്നതാണ്.

**കുറിപ്പ്:-** 1) എസ്.എസ്.എൽ.സി പാസ്സായ ഉദ്യോഗാർഥികളുടെ അഭാവത്തിൽ മാത്രമേ എസ്.എസ്.എൽ.സി കോഴ്സ് പൂർത്തിയാക്കിയതോ, തത്തുല്യ യോഗ്യതയോ ഉള്ളവരെ പരിഗണിക്കുകയുള്ളൂ.

2) യോഗ്യത സംബന്ധിച്ച് KS&SSR Part II Rule 10(a) ii ഈ തസ്തികയ്ക്ക് ബാധകമാണ്.

3) അനിമൽ ഹാൻഡിലിംഗ് ഇൻ സൂ ആന്റ് ഫോറസ്റ്റ് കോഴ്സ് പാസ്സായവർക്ക് മുൻഗണന ലഭിക്കുന്നതാണ്.

2) **പുരുഷ / വനിത ഉദ്യോഗാർത്ഥികളെ സംബന്ധിച്ച മറ്റ് യോഗ്യതകൾ താഴെ പറയുന്നു.**

**(a) പുരുഷ ഉദ്യോഗാർത്ഥികൾ:**

**(i) ശാരീരിക യോഗ്യതകൾ** :- ഉയരം കുറഞ്ഞത് **159 സെ.മീ,** നെഞ്ചളവ് കുറഞ്ഞത് **75 സെ.മീ** ഉം **5 സെ.മീ** വികാസവും.

**(ii) കായികക്ഷമതാ പരീക്ഷ** :- എല്ലാ പുരുഷ ഉദ്യോഗാർത്ഥികളും വൺസ്റ്റാർ സ്റ്റാൻഡേർഡിലുള്ള താഴെ പറയുന്ന **8 (എട്ട്)** ഇനങ്ങളിൽ ഏതെങ്കിലും **3 (മൂന്ന്)** എണ്ണത്തിൽ യോഗ്യത നേടിയിരിക്കണം.

| ക്രമ നമ്പർ | ഇനങ്ങൾ | വൺസ്റ്റാർ നിലവാരം |
|---|---|---|
| 1 | 100 മീറ്റർ ഓട്ടം | 14 സെക്കന്റ് |
| 2 | ഹൈ ജമ്പ് | 132.20 cm |
| 3 | ലോംഗ് ജമ്പ് | 457.20 cm |
| 4 | പുട്ടിംഗ് ദി ഷോട്ട് (7264 ഗ്രാം) | 609.60cm |

https://www.freshersnow.com/government-jobs-india/

| | | |
|---|---|---|
| 5 | ത്രോയിംഗ് ദി ക്രിക്കറ്റ് ബോൾ | 6096 cm |
| 6 | റോപ് ക്ലൈമ്പിംഗ് (കൈകൾ മാത്രം ഉപയോഗിച്ച്) | 365.80 cm |
| 7 | പുൾ അപ്സ് അഥവാ ചിന്നിംഗ് | 8 തവണ |
| 8 | 1500 മീറ്റർ ഓട്ടം | 5 മിനിട്ട് 44 സെക്കന്റ് |

**(b) വനിതാ ഉദ്യോഗാർത്ഥികൾ**

(i) **ശാരീരിക യോഗ്യതകൾ** :- ഉയരം കുറഞ്ഞത് **150 സെ.മീ** , നെഞ്ചളവ് ബാധകമല്ല

(ii) **കായികക്ഷമതാ പരീക്ഷ** :- എല്ലാ വനിതാ ഉദ്യോഗാർത്ഥികളും വൺസ്റ്റാർ സ്റ്റാൻഡേർഡിലുള്ള താഴെ പറയുന്ന **9 (ഒൻപത്)** ഇനങ്ങളിൽ ഏതെങ്കിലും **3 (മൂന്ന്)** എണ്ണത്തിൽ യോഗ്യത നേടിയിരിക്കണം.

| ക്രമ നമ്പർ | ഇനങ്ങൾ | വൺസ്റ്റാർ നിലവാരം |
|---|---|---|
| 1 | 100 മീറ്റർ ഓട്ടം | 17 സെക്കന്റ് |
| 2 | ഹൈ ജമ്പ് | 106 cm |
| 3 | ലോംഗ് ജമ്പ് | 305 cm |
| 4 | പുട്ടിംഗ് ദി ഷോട്ട് (4000 ഗ്രാം) | 400 cm |
| 5 | 200 മീറ്റർ ഓട്ടം | 36 സെക്കന്റ് |
| 6 | ത്രോയിംഗ് ദി ത്രോ ബോൾ | 1400 cm |
| 7 | ഷട്ടിൽ റെയ്സ് (2500 cm X 400 cm) | 26 സെക്കന്റ് |
| 8 | പുൾ അപ്സ് അഥവാ ചിന്നിംഗ് | 8 തവണ |
| 9 | സ്കിപ്പിംഗ് (ഒരു മിനിട്ട്) | 80 തവണ |

**കുറിപ്പ്:** ഉദ്യോഗാർത്ഥികൾക്ക് കായികക്ഷമതാ പരീക്ഷയ്ക്ക് മുന്നോടിയായി ശാരീരിക അളവെടുപ്പ് നടത്തുന്നതാണ്. നിശ്ചിത ശാരീരിക അളവുകൾ ഇല്ലാത്ത ഉദ്യോഗാർത്ഥികളെ കായികക്ഷമതാ പരീക്ഷയിൽ പങ്കെടുപ്പിക്കുന്നതല്ല. കായികക്ഷമതാ പരീക്ഷയിൽ പങ്കെടുക്കുന്നതിനിടയിൽ അപകടം സംഭവിക്കുകയോ പരിക്കേൽക്കുകയോ ചെയ്യുന്ന ഉദ്യോഗാർത്ഥികൾക്ക് പരീക്ഷയിൽ പങ്കെടുക്കാൻ വീണ്ടും അവസരം നൽകുന്നതല്ല.

https://www.freshersnow.com/government-jobs-india/

3) **<u>മെഡിക്കൽ നിലവാരം</u> :**

എല്ലാ പുരുഷ/ വനിതാ ഉദ്യോഗാർത്ഥികൾക്കും താഴെ പറയുന്ന പ്രകാരമുള്ള മെഡിക്കൽ നിലവാരം ഉണ്ടായിരിക്കണം.

**i)** ചെവി : നല്ല കേൾവിശക്തി ഉണ്ടായിരിക്കണം.

**ii)** കണ്ണ് : കണ്ണടയില്ലാതെ താഴെ പറയുന്ന വിധത്തിലുള്ള കാഴ്ചശക്തിയുള്ളതായി സാക്ഷ്യപ്പെടുത്തിയിരിക്കണം.

| | <u>വലതുകണ്ണ്</u> | <u>ഇടതുകണ്ണ്</u> |
|---|---|---|
| a) ദൂരക്കാഴ്ച | 6/6 സ്നെല്ലൻ | 6/6 സ്നെല്ലൻ |
| b) സമീപക്കാഴ്ച | 0.5 സ്നെല്ലൻ | 0.5 സ്നെല്ലൻ |
| c) കളർ വിഷൻ | സാധാരണ | സാധാരണ |
| d) നിശാന്ധത | ഇല്ലാതിരിക്കണം | ഇല്ലാതിരിക്കണം |

**iii)** പേശികളും സന്ധികളും : തളർവാതം ബാധിക്കാത്തതും എല്ലാ സന്ധികളും ആയാസരഹിതമായി ചലിപ്പിക്കാവുന്നതുമായിരിക്കണം.

**iv)** നാഡീവ്യൂഹം : പൂർണ്ണക്ഷമതയുള്ളതും പകർച്ചവ്യാധികളിൽ നിന്നും വിമുക്തവുമായിരിക്കണം.

**<u>കുറിപ്പ്:</u>** ഓരോ കണ്ണിനും പൂർണ്ണമായ കാഴ്ച ശക്തി ഉണ്ടായിരിക്കണം. കളർ ബ്ലൈൻഡ്നസ്, സ്ക്വിന്റ് അല്ലെങ്കിൽ കണ്ണിന്റെയോ കൺപോളയുടേയോ മോർബിഡ് ആയിട്ടുള്ള അവസ്ഥ എന്നിവ അയോഗ്യതയായി കണക്കാക്കുന്നതാണ്. മുട്ടുതട്ട്, പരന്ന പാദം, ഞരമ്പ് വീക്കം, വളഞ്ഞ കാലുകൾ, വൈകല്യമുള്ള കൈകാലുകൾ, കോമ്പല്ല് (മുൻ പല്ല്), ഉന്തിയ പല്ലുകൾ, കൊഞ്ഞ, കേൾവിയിലും സംസാരശേഷിയിലുമുള്ള കുറവുകൾ എന്നിങ്ങനെയുള്ള ശാരീരിക ന്യൂനതകൾ അയോഗ്യതയായി കണക്കാക്കുന്നതാണ്. ശാരീരികയോഗ്യതയും കണ്ണട കൂടാതെയുള്ള കാഴ്ച ശക്തിയും തെളിയിക്കുന്നതിന് താഴെ കൊടുത്തിട്ടുള്ള മാതൃകയിൽ സർക്കാർ സർവ്വീസിലുള്ള അസിസ്റ്റന്റ് സർജൻ / ജൂനിയർ കൺസൾട്ടന്റിന്റെ റാങ്കിൽ കുറയാത്ത റാങ്കിലുള്ള ഒരു മെഡിക്കൽ ആഫീസറിൽ നിന്നും ലഭിച്ച മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ അസ്സൽ കായികക്ഷമതാ പരീക്ഷയുടെ സമയത്ത് നടത്തുന്ന പ്രമാണ പരിശോധനാ സമയത്ത് ഹാജരാക്കേണ്ടതാണ്.

## <u>FORM OF MEDICAL CERTIFICATE</u>

I have this day, medically examined Sri/Smt ........................................... and found that his/her hearing is perfect, his/her muscles and joints are free from paralysis and all joints are with free movements and his/her nervous system is perfectly normal and free from any infectious diseases which would render him/her unsuitable for Government Services. His / her age accroding to his/her own statement is ..................... and by appearance is ......................... and his /her standards of vision is as follow

https://www.freshersnow.com/government-jobs-india/

## Standard of vision without glass

| | | Right Eye | Left Eye |
|---|---|---|---|
| 1) | Distant Vision | ………………… Snellen | …………………. Snellen |
| 2) | Near Vision | ………………… Snellen | …………………. Snellen |
| 3) | Field of Vision | …………………… | ……………………. |
| 4) | Colour Vision | …………………… | ……………………. |
| 5) | Night Blindness | …………………… | ……………………. |

(Specify whether field of vision is full or not. Entries such as normal, good etc are inappropriate)

He/She is physically fit for the post of **Beat Forest Officer** in the Forest Department.

Signature
Name & Designation of Medical Officer

Place:
Date: (Office Seal)

**കുറിപ്പ്:** കാഴ്ചശക്തിയെ സംബന്ധിച്ച വിവരങ്ങൾ സർട്ടിഫിക്കറ്റിൽ വ്യക്തമായി രേഖപ്പെടുത്തിയിരിക്കണം. വിഷൻ നോർമൽ, ആവറേജ് മുതലായ അവ്യക്തമായ പ്രസ്താവനകൾ സ്വീകരിക്കുന്നതല്ല. ഓരോ കണ്ണിനേയും സംബന്ധിച്ച വിവരങ്ങൾ പ്രത്യേകമായി രേഖപ്പെടുത്തിയിരിക്കണം. കാഴ്ചശക്തി മുകളിൽ സൂചിപ്പിച്ചിട്ടുള്ള വിധത്തിലല്ലെങ്കിൽ കണ്ണിന് നല്ല കാഴ്ചശക്തിയുണ്ടോ മോശമായ കാഴ്ചശക്തിയാണെന്നോ ഉള്ള വിവരം സർട്ടിഫിക്കറ്റ് നൽകുന്ന ഉദ്യോഗസ്ഥൻ സർട്ടിഫിക്കറ്റിൽ രേഖപ്പെടുത്തേണ്ടതാണ്. അല്ലാത്തപക്ഷം സർട്ടിഫിക്കറ്റ് സ്വീകരിക്കുന്നതല്ല.

## ഫോം – 1
## റേഞ്ച് ഫോറസ്റ്റ് ഓഫീസറുടെ
## സാക്ഷ്യപത്രം

**നമ്പർ :………………………..**

…………… തീയതിയിൽ ഗസറ്റ് വിജ്ഞാപന പ്രകാരം ……………. ജില്ലയിലെ…………….വകുപ്പിലെ………… തസ്തികയിലേക്ക് (കാറ്റഗറി നമ്പർ : ) ………… തീയതിയിൽ അപേക്ഷ സമർപ്പിച്ച ശ്രീ/ശ്രീമതി………………… (രക്ഷിതാവിന്റെ പേര്, എന്നയാളുടെ മകൻ/ മകൾ) കേരള സംസ്ഥാനത്തെ ………..ജില്ലയിലെ………. താലൂക്കിലെ……………. വില്ലേജിലെ ……………………………… വീട്ടിൽ സ്ഥിരതാമസക്കാരനാണെന്നും (1) ഈ വ്യക്തി വനത്തിനുള്ളിലോ വനത്താൽ

https://www.freshersnow.com/government-jobs-india/

ചുറ്റപ്പെട്ടതോ, വനത്തോട് ചേർന്ന്കിടക്കുന്നതോ ആയ പ്രദേശങ്ങളിലുള്ള ഊരുകളിൽ താമസിക്കുന്നയാളും വനവുമായി ബന്ധപ്പെട്ട് ഉപജീവനം നടത്തുന്ന ആളുമാണെന്നും സാക്ഷ്യപ്പെടുത്തുന്നു.

(2) ടിയാൻ വനം വകുപ്പിൽ ............................. മുതൽ .................................. വരെ തീയതിയിൽ ............................... തസ്തികയിൽ ….................. രൂപ ദിവസവേതനാടിസ്ഥാനത്തിൽ ജോലി ചെയ്തിരുന്ന ആദിവാസി വിഭാഗത്തിൽപ്പെട്ട ആളാണെന്ന് സാക്ഷ്യപ്പെടുത്തുന്നു. (ബാധകമല്ലാത്ത ഭാഗം വെട്ടിക്കളയുക)

ഈ സാക്ഷ്യപത്രം മേൽ തസ്തികയ്ക്ക് വേണ്ടി കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ ഓഫീസിൽ ഹാജരാക്കുന്നതിനു വേണ്ടി നല്കിയിട്ടുള്ളതാണ്.

സ്ഥലം : പേര് :

തീയതി ഉദ്യോഗപ്പേര് :

(ഓഫീസ് സീൽ) ഔദ്യോഗിക വിലാസം

**ഫോം – 2**

**ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ / ട്രൈബൽ ഡെവലപ് മെന്റ് ഓഫീസർ/ പ്രോജക്റ്റ് ഓഫീസറുടെ സാക്ഷ്യപത്രം.**

**നമ്പർ :.............................**

............... തീയതിയിൽ ഗസറ്റ് വിജ്ഞാപന പ്രകാരം ................ ജില്ലയിലെ................വകുപ്പിലെ............ തസ്തികയിലേക്ക് (കാറ്റഗറി നമ്പർ : ) ............. തീയതിയിൽ അപേക്ഷ സമർപ്പിച്ച ശ്രീ/ശ്രീമതി...................... കേരള സംസ്ഥാനത്തെ ...........ജില്ലയിലെ.......... താലൂക്കിലെ................ വില്ലേജിലെ ….................... വീട്ടിൽ സ്ഥിരതാമസക്കാരനാണെന്നും ടിയാൻ/ ടിയാൾ ചുവടെ സൂചിപ്പിക്കുന്ന വിഭാഗത്തിൽപ്പെട്ട ആളാണെന്നും സാക്ഷ്യപ്പെടുത്തുന്നു. (ബാധകമല്ലാത്ത ഭാഗം വെട്ടിക്കളയുക)

1. അവിവാഹിതയായ അമ്മ : ആണ് / അല്ല.
2. അവിവാഹിതയായ അമ്മയുടെ കുട്ടി : ആണ് / അല്ല.
3. വിധവയായ അമ്മയുടെ കുട്ടി : ആണ് / അല്ല.

ഈ സാക്ഷ്യപത്രം മേൽ തസ്തികയ്ക്ക് വേണ്ടി കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ ഓഫീസിൽ ഹാജരാക്കുന്നതിനു വേണ്ടി നല്കിയിട്ടുള്ളതാണ്.

സ്ഥലം : പേര് :

തീയതി ഉദ്യോഗപ്പേര് :

ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ /
ട്രൈബൽ ഡെവലപ് മെന്റ് ഓഫീസർ/
പ്രോജക്റ്റ് ഓഫീസർ

(ഓഫീസ് സീൽ)

https://www.freshersnow.com/government-jobs-india/

8 തെരഞ്ഞെടുക്കപ്പെടുന്ന ഉദ്യോഗാർത്ഥികൾ ഒരു വർഷം ഏതെങ്കിലും ഫോറസ്റ്റ് ട്രെയിനിംഗ് സ്കൂളിൽ ട്രെയിനിംഗിൽ പങ്കെടുക്കേണ്ടതാണ്.

9 നേരിട്ടുള്ള നിയമനം വഴി ജോലിയിൽ പ്രവേശിക്കുന്നവർ ജോലിയിൽ പ്രവേശിച്ച തീയതി മുതൽ തുടർച്ചയായ മൂന്ന് വർഷത്തിനുള്ളിൽ രണ്ട് വർഷം പ്രൊബേഷനിലായിരിക്കും.

10 എൻ.സി.സി യുടെ " എ" , "ബി", " സി" സർട്ടിഫിക്കറ്റ് നേടിയിട്ടുള്ള ഉദ്യോഗാർത്ഥികൾക്ക് യഥാക്രമം " 2%" , "3%" , "5% " എന്ന ക്രമത്തിൽ 21.08.2007 തീയതിയിലെ ജി.ഒ (എം.എസ്) നമ്പർ 112/2007/എച്ച്.ഇ.ഡി.എൻ സർക്കാർ ഉത്തരവ് അനുസരിച്ച് അധിക മാർക്ക് നൽകുന്നതാണ്.

11 അവിവാഹിതരായ അമ്മമാർ, അവരുടെ കുട്ടികൾ, വിധവകളായ അമ്മമാരുടെ കുട്ടിക ൾ എന്നിവർക്കും അനിമൽ ഹാൻഡിലിങ് ഇൻ സൂ ആന്റ് ഫോറസ്റ്റ് കോഴ്സ് പാസ്സായവർക്കും മുൻഗണന ലഭിക്കുന്നതാണ്.

12 **അപേക്ഷ സമർപ്പിക്കേണ്ട രീതി :**

ഉദ്യോഗാർത്ഥികൾ കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ ഔദ്യോഗിക വെബ്സൈറ്റായ *www.keralapsc.gov.in* വഴി 'ഒറ്റത്തവണ രജിസ്ട്രേഷൻ' പ്രകാരം രജിസ്റ്റർ ചെയ്ത ശേഷമാണ് അപേക്ഷിക്കേണ്ടത്. രജിസ്റ്റർ ചെയ്തിട്ടുള്ള ഉദ്യോഗാർത്ഥികൾ അവരുടെ User ID യും Password ഉം ഉപയോഗിച്ച് Login ചെയ്ത ശേഷം സ്വന്തം Profile-ലൂടെ അപേക്ഷിക്കേണ്ടതാണ്. ഓരോ തസ്തികയ്ക്ക് അപേക്ഷിക്കുമ്പോഴും പ്രസ്തുത തസ്തികയോടൊപ്പം കാണുന്ന Notification Link ലെ `Apply Now' ൽ മാത്രം Click ചെയ്യേണ്ടതാണ് . Upload ചെയ്യുന്ന ഫോട്ടോ 31/12/2012-ന് ശേഷം എടുത്തതായിരിക്കണം. പുതിയതായി പ്രൊഫൈൽ ആരംഭിക്കുന്ന ഉദ്യോഗാർത്ഥികൾ 6 മാസത്തിനുള്ളിൽ എടുത്ത ഫോട്ടോഗ്രാഫ് അപ്ലോഡ് ചെയ്യേണ്ടതാണ്. ഫോട്ടോയുടെ താഴെ ഉദ്യോഗാർത്ഥിയുടെ പേരും, ഫോട്ടോ എടുത്ത തീയതിയും വ്യക്തമായി രേഖപ്പെടുത്തിയിരിക്കണം. നിശ്ചിത മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് Upload ചെയ്ത ഫോട്ടോയ്ക്ക് ഫോട്ടോ എടുത്ത തീയതി മുതൽ 10 വർഷക്കാലത്തേയ്ക്ക് പ്രാബല്യമുണ്ടായിരിക്കും. ഫോട്ടോ സംബന്ധിച്ച മറ്റ് നിബന്ധനകൾക്കൊന്നും തന്നെ മാറ്റമില്ല. അപേക്ഷാഫീസ് നൽകേണ്ടതില്ല. Password രഹസ്യമായി സൂക്ഷിക്കേണ്ടതും വ്യക്തിഗത വിവരങ്ങൾ ശരിയാണെന്ന് ഉറപ്പ് വരുത്തേണ്ടതും ഉദ്യോഗാർത്ഥിയുടെ ചുമതലയാണ്. ഓരോ തസ്തികയ്ക്ക് അപേക്ഷിക്കുന്നതിന് മുൻപും തന്റെ Profile ൽ ഉൾക്കൊള്ളിച്ചിരിക്കുന്ന വിവരങ്ങൾ ശരിയാണെന്ന് ഉദ്യോഗാർത്ഥി ഉറപ്പ് വരുത്തേണ്ടതാണ്. കമ്മീഷനുമായുള്ള എല്ലാ കത്തിടപാടുകളിലും User ID പ്രത്യേകം രേഖപ്പെടുത്തേണ്ടതാണ്. കമ്മീഷനു

മുമ്പാകെ ഒരിക്കൽ സമർപ്പിച്ചിട്ടുള്ള അപേക്ഷ സോപാധികമായി സ്വീകരിക്കപ്പെടുന്നതാണ്. ആയതിനു ശേഷം അപേക്ഷയിൽ മാറ്റം വരുത്തുവാനോ വിവരങ്ങൾ ഒഴിവാക്കുവാനോ കഴിയുകയില്ല. **ഭാവിയിലെ ഉപയോഗത്തിനായി ഉദ്യോഗാർത്ഥികൾ ഓൺലൈൻ അപേക്ഷയുടെ soft copy/print out എടുത്ത് സൂക്ഷിക്കേണ്ടതാണ്. ഉദ്യോഗാർത്ഥികൾ അവരുടെ പ്രൊഫൈലിലെ 'My Applications' എന്ന Link ൽ click ചെയ്ത് അപേക്ഷയുടെ print out എടുക്കാവുന്നതാണ്. അപേക്ഷ സംബന്ധമായി കമ്മീഷനുമായി നടത്തുന്ന കത്തിടപാടുകളിൽ അപേക്ഷയുടെ print out**

https://www.freshersnow.com/government-jobs-india/

**കൂടി സമർപ്പിക്കേണ്ടതാണ്.** തെരഞ്ഞെടുപ്പ് പ്രക്രിയയുടെ ഏതവസരത്തിലായാലും സമർപ്പിക്കപ്പെട്ട അപേക്ഷകൾ വിജ്ഞാപന വ്യവസ്ഥകൾക്ക് വിരുദ്ധമായി കാണുന്ന പക്ഷം നിരുപാധികമായി നിരസിക്കുന്നതാണ്. വിദ്യാഭ്യാസ യോഗ്യത, പരിചയം, ജാതി, വയസ്സ് മുതലായവ തെളിയിക്കുന്നതിനുള്ള പ്രമാണങ്ങളുടെ പകർപ്പുകൾ കമ്മീഷൻ ആവശ്യപ്പെടുമ്പോൾ ഹാജരാക്കിയാൽ മതിയാകും. *"ആധാർ കാർഡുള്ള ഉദ്യോഗാർത്ഥികൾ തങ്ങളുടെ പ്രൊഫൈലിൽ ആധാർ കാർഡ് തിരിച്ചറിയൽ രേഖയായി നൽകേണ്ടതാണ്."*

**അപേക്ഷയോടൊപ്പം താഴെപ്പറയുന്ന രേഖകൾ കൂടി സമർപ്പിക്കേണ്ടതാണ്.**

1) ജനനത്തീയതി/പ്രായം തെളിയിക്കുന്ന സർട്ടിഫിക്കറ്റിന്റെ പകർപ്പ്

2) വിദ്യാഭ്യാസ യോഗ്യത തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റിന്റെ പകർപ്പ്

3) Form I – അപേക്ഷകൻ വനത്തിനുള്ളിലോ ,വനത്താൽ ചുറ്റപ്പെട്ടതോ, വനത്തോട് ചേർന്ന് കിടക്കുന്നതോ ആയ ആദിവാസി ഊരുകളിൽ താമസിക്കുന്നയാളും വനവുമായി ബന്ധപ്പെട്ട് ഉപജീവനം നടത്തുന്ന പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടയാളുമാണെന്ന് തെളിയിക്കുന്നതിന് ബന്ധപ്പെട്ട റേഞ്ച് ഫോറസ്റ്റ് ഓഫീസറിൽ (ടെറിട്ടോറിയൽ/ വന്യജീവി വിഭാഗം) കുറയാത്ത ഉദ്യോഗസ്ഥരിൽ നിന്നും ലഭിച്ച സർട്ടിഫിക്കറ്റ്.

4) തഹസീൽദാറിൽ നിന്നും ലഭിക്കുന്ന ജാതി സർട്ടിഫിക്കറ്റ്.

5) വനാവകാശനിയമം 2006 പ്രകാരം വ്യക്തിഗത അവകാശവുമായി ബന്ധപ്പെട്ട് കുടുംബത്തിനു ലഭിച്ച വ്യക്തിഗത കൈവശാവകാശ രേഖയുടെ പകർപ്പ് .

6) അനിമൽ ഹാൻഡിലിങ്ങ് ഇൻ സൂ ആന്റ് ഫോറസ്റ്റ് കോഴ്സ് പാസ്സായവർ പ്രസ്തുത സർട്ടിഫിക്കറ്റിന്റെ പകർപ്പ്.

7) Form II പ്രകാരമുള്ള സാക്ഷ്യപത്രം.

13 **അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി : 18/05/2022** ബുധനാഴ്ച വൈകുന്നേരം 12 മണി വരെ

**യോഗ്യതകൾ തെളിയിക്കുന്ന രേഖകൾ അപേക്ഷ സമർപ്പിക്കുന്ന അവസാന തീയതി വരെ അപ് ലോഡ് ചെയ്യാവുന്നതാണ്. പിന്നീട് അതിനായി അവസരം ലഭിക്കുന്നതല്ല.**

**കുറിപ്പ്:–** ഒറ്റത്തവണ രജിസ്ട്രേഷൻ പ്രകാരം ഓൺ ലൈനായി അല്ലാതെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ സെക്രട്ടറിയുടേയോ അഡീഷണൽ സെക്രട്ടറിയുടേയോ റീജിയണൽ ഓഫീസറുടേയോ ഡെപ്യൂട്ടി സെക്രട്ടറിയുടേയോ ജില്ലാ ആഫീസറുടേയോ പേരിൽ എഴുതി തയ്യാറാക്കി അയയ്ക്കുന്നതോ തപാൽ മുഖേനയോ മറ്റുവിധത്തിലോ സമർപ്പിക്കുന്നതോ ആയ അപേക്ഷകൾ നിരുപാധികം നിരസിക്കുന്നതാണ്.

14 പൊതുവ്യവസ്ഥകളിലെ രണ്ടും, മൂന്നും, ഇരുപത്തിയഞ്ചും ഖണ്ഡികകളിലെ (25–ാം ഖണ്ഡികയിലെ കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസ് ചട്ടങ്ങളുടെ രണ്ടാം ഭാഗത്തുള്ള 3(സി) വകുപ്പിനെ സംബന്ധിച്ച ചട്ടങ്ങൾ ഒഴികെയുള്ള) വ്യവസ്ഥകൾ ഈ തിരഞ്ഞെടുപ്പിന് ബാധകമല്ല.

https://www.freshersnow.com/government-jobs-india/

15 നിയമനങ്ങൾ നടത്തുന്നത് ഈ വിജ്ഞാപനം ആസ്പദമാക്കി തയ്യാറാക്കുന്ന ലിസ്റ്റിലെ റാങ്ക് അനുസരിച്ചും പട്ടികജാതി/പട്ടികവർഗ്ഗക്കാർക്കായുള്ള പ്രത്യേക സംവരണം സംബന്ധിച്ച് 17/01/1976–ലെ ജി.ഒ.(പി) നമ്പർ 21/76/പി.ഡി., 22.01.1994 –ലെ ജി.ഒ.(പി) നമ്പർ 25/94/ജി.എ.ഡി, 12.02.2021 തിയ്യതിയിലെ സ.ഉ (കൈ) നം.3/ 2021/വനം, സ.ഉ.(കൈ) നം. 8/2022/ F& WLD, തീയതി 10/02/2022 എന്നീ സർക്കാർ ഉത്തരവുകളിലെ വ്യവസ്ഥകൾ അനുസരിച്ചും, നിയമനക്കാര്യത്തിൽ അപ്പോഴപ്പോൾ ഉണ്ടാകുന്ന പ്രത്യേക ചട്ടങ്ങൾ അനുസരിച്ചും 1958 – ലെ കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസ് ചട്ടങ്ങളുടെ രണ്ടാം ഭാഗത്തുള്ള 3(സി), 17(എ), 17(ബി) എന്നീ ചട്ടങ്ങൾക്ക് വിധേയമായും ആയിരിക്കുന്നതാണ്.

(ഫോട്ടോ , ഐ ഡി കാർഡ് ഉൾപ്പടെയുള്ള വിശദവിവരങ്ങൾക്ക് പൊതു വ്യവസ്ഥകൾ നോക്കുക)

**സാജു ജോർജ്ജ്**

**സെക്രട്ടറി**

**കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ**

https://www.freshersnow.com/government-jobs-india/

**ഗസറ്റ് തീയതി : 16.04.2022**

**അവസാന തീയതി : 18.05.2022**

**കാറ്റഗറി നമ്പർ : 093/2022**

കേരള സംസ്ഥാന സർവ്വീസിൽ വനം – വന്യജീവി വകുപ്പിൽ **ബീറ്റ് ഫോറസ്റ്റ് ഓഫീസർ** തസ്തികയിലേയ്ക്ക് ഉപജീവനത്തിനായി **വനത്തെ ആശ്രയിച്ച് കഴിയുന്ന ആദിവാസി സമൂഹത്തിലെ** യോഗ്യതയുള്ളവരും വനം വകുപ്പിൽ ദിവസവേതനാടിസ്ഥാനത്തിൽ കുറഞ്ഞത് 500(അഞ്ഞൂറ്) ദിവസമെങ്കിലും ജോലിചെയ്തിട്ടുള്ള ദിവസവേതനക്കാരായ **പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട** ഉദ്യോഗാർത്ഥികളിൽ നിന്നും ഓൺലൈനായി ഒറ്റത്തവണ രജിസ്ട്രേഷൻ പദ്ധതി പ്രകാരം കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ ഔദ്യോഗിക വെബ്സൈറ്റിലൂടെ (www.keralapsc.gov.in) അപേക്ഷകൾ ക്ഷണിക്കുന്നു.

**പാർട്ട്- II (വനം വകുപ്പിൽ ദിവസവേതനാടിസ്ഥാനത്തിൽ ജോലി ചെയ്യുന്നവർക്കായി സംവരണം ചെയ്തിരിക്കുന്ന 40% ഒഴിവിലേയ്ക്കുള്ള നിയമനം)**

**1 വകുപ്പ്** : വനം – വന്യജീവി വകുപ്പ്

**2 ഉദ്യോഗപ്പേര്** : ബീറ്റ് ഫോറസ്റ്റ് ഓഫീസർ (ഉപജീവനത്തിനായി വനത്തെ ആശ്രയിച്ച് കഴിയുന്ന ആദിവാസി വിഭാഗത്തിൽപ്പെട്ട പട്ടികവർഗ്ഗക്കാർക്കായുള്ള പ്രത്യേക നിയമനം)

**പാർട്ട് – II (വനംവകുപ്പിൽ ദിവസവേതനാടിസ്ഥാനത്തിൽ ജോലി ചെയ്യുന്നവർക്കായി സംവരണം ചെയ്തിരിക്കുന്ന 40% ഒഴിവിലേയ്ക്കുള്ള നിയമനം).**

(കുറിപ്പ്:i) ഭിന്നശേഷിയുള്ളവർക്ക് ഈ വിജ്ഞാപനപ്രകാരം അപേക്ഷിക്കുവാൻ അർഹതയുണ്ടായിരിക്കുന്നതല്ല.

ii) വനം വകുപ്പിൽ ദിവസവേതനാടിസ്ഥാനത്തിൽ കുറഞ്ഞത് 500(അഞ്ഞൂറ്) ദിവസമെങ്കിലും ജോലിചെയ്തിട്ടുള്ള, ഉപജീവനത്തിനായി വനത്തെ ആശ്രയിച്ച് കഴിയുന്ന ആദിവാസി സമൂഹത്തിലെ പട്ടികവർഗ്ഗക്കാരായ പുരുഷന്മാരും സ്ത്രീകളുമായിട്ടുള്ള ദിവസവേതനക്കാർക്ക് ഈ തസ്തികയിലേക്ക് അപേക്ഷിക്കാവുന്നതാണ്.)

**3 ശമ്പളം** : ` Rs.20000 – 45800/- (PR)

**4 ഒഴിവുകളുടെ എണ്ണം** : **ജില്ലാടിസ്ഥാനത്തിൽ**

തിരുവനന്തപുരം – 08
കൊല്ലം – 04
പത്തനംതിട്ട – 04
കോട്ടയം – 08
ഇടുക്കി – 16

https://www.freshersnow.com/government-jobs-india/

| | |
|---|---|
| എറണാകുളം | – 08 |
| തൃശ്ശൂർ | – 04 |
| പാലക്കാട് | – 24 |
| മലപ്പുറം | – 12 |
| കോഴിക്കോട് | – 08 |
| വയനാട് | – 68 |
| കണ്ണൂർ | – 18 |
| കാസർഗോഡ് | – 18 |

**കുറിപ്പ്:–**

(I) അപേക്ഷകരുടെ എണ്ണം കൂടുതലാണെങ്കിൽ ആദ്യഘട്ടമായി ഒ എം ആർ പരീക്ഷ നടത്തുന്നതാണ്. പ്രസ്തുത പരീക്ഷ 2022 ആഗസ്റ്റ് മാസം നടത്തുന്നതായിരിക്കും.

(II) ഈ വിജ്ഞാപനപ്രകാരമുള്ള റാങ്ക് ലിസ്റ്റ് ജില്ലാടിസ്ഥാനത്തിൽ തയ്യാറാക്കുന്നതാണ്. അപ്രകാരം തയ്യാറാക്കുന്ന റാങ്ക് ലിസ്റ്റിന്റെ കാലാവധി, റാങ്ക് ലിസ്റ്റ് പ്രാബല്യത്തിൽ വരുന്ന തീയതി മുതൽ ഏറ്റവും കുറഞ്ഞത് ഒരു വർഷവും ഏറ്റവും കൂടിയത് മൂന്ന് വർഷവും പ്രാബല്യത്തിൽ ഉണ്ടായിരിക്കും. എന്നാൽ ഒരു വർഷത്തിനു ശേഷം ഇതേ ഉദ്യോഗത്തിന് ഒരു പുതിയ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കപ്പെടുകയാണങ്കിൽ ആ തീയതി മുതൽ ഈ വിജ്ഞാപനപ്രകാരം തയ്യാറാക്കുന്ന റാങ്ക് ലിസ്റ്റിന് പ്രാബല്യമുണ്ടായിരിക്കുന്നതല്ല. മുകളിൽ കാണിച്ചിട്ടുള്ള ഒഴിവിലേയ്ക്കും ലിസ്റ്റ് പ്രാബല്യത്തിലിരിക്കുന്ന സമയത്ത് സ്പെഷ്യൽ റിക്രൂട്ട്മെന്റിനുവേണ്ടി വനത്തെ ആശ്രയിച്ചു കഴിയുന്ന പട്ടികവർഗ്ഗക്കാർക്കായി പിന്നീട് എഴുതി അറിയിക്കപ്പെടുന്ന കൂടുതൽ ഒഴിവുകളിലെ 40% ഒഴിവുകളിലേയ്ക്കും പ്രസ്തുത ലിസ്റ്റിൽ നിന്നും നിയമനം നടത്തുന്നതാണ്.

(III) ഓരോ ജില്ലയ്ക്കും അനുവദിച്ച ആകെ ഒഴിവുകളുടെ 40% റിസർവേഷൻ ക്വാട്ടയ്ക്ക് (വനം വകുപ്പിൽ ദിവസവേതനാടിസ്ഥാനത്തിൽ ജോലിചെയ്യുന്നവർക്ക ്)സംവരണം ചെയ്തിരിക്കുന്നു.(ടി 40% ഒഴിവുകളിൽ പുരുഷന്മാർ 80% ; സ്ത്രീകൾ 20% ). റിസർവേഷൻ ക്വാട്ടയിൽപ്പെട്ട ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ ടി ഒഴിവ് ജനറൽ ക്വാട്ടയിൽ നിന്നും നികത്തുന്നതാണ്.

**(IV) സ.ഉ.(കൈ) നം.3/ 2021/വനം, തീയതി 12.02.2021; സ.ഉ.(കൈ) നം. 8/2022/ F& WLD, തീയതി 10/02/2022 എന്നിവ പ്രകാരം ഉപജീവനത്തിനു വേണ്ടി വനത്തെ ആശ്രയിച്ചു കഴിയുന്ന ആദിവാസി സമൂഹത്തിലെ പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് മാത്രമായി ഈ വിജ്ഞാപനം പരിമിതപ്പെടുത്തിയിരിക്കുന്നു. ഈ വിജ്ഞാപന പ്രകാരമുള്ള തെരഞ്ഞെടുപ്പ് ജില്ലാ അടിസ്ഥാനത്തിലായിരിക്കും. ഓരോ ജില്ലയിലേക്കും അതത് ജില്ലയിൽ നിന്നുള്ള ഉദ്യോഗാർത്ഥികളെ മാത്രമേ പരിഗണിക്കുകയുള്ളൂ.**

**(V) ഈ തസ്തികയ്ക്ക് അപേക്ഷിക്കുന്ന ഉദ്യോഗാർത്ഥികൾ താഴെ പറയുന്ന രണ്ട് വ്യവസ്ഥകളിൽ (a, b) ഏതെങ്കിലും ഒന്ന് പ്രകാരമുളള രേഖകൾ ഹാജരാക്കേണ്ടതാണ്.**

https://www.freshersnow.com/government-jobs-india/

**a) The Scheduled Tribe and Other Traditional Forest Dwellers (Recognition of Forests Rights) Act,2006 (വനാവകാശ നിയമം 2006) പ്രകാരം, വ്യക്തിഗത അവകാശവുമായി ബന്ധപ്പെട്ട് കുടുംബത്തിനു ലഭിച്ച വ്യക്തിഗത കൈവശാവകാശ രേഖ.**

**അല്ലെങ്കിൽ**

**b) പട്ടികവർഗ്ഗത്തിൽപ്പെട്ട വ്യക്തിയാണെന്ന് തെളിയിക്കുന്നതിനായി ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസറിൽ (TEO) കുറയാത്ത ഉദ്യോഗസ്ഥൻ നല്കുന്ന സർ ട്ടിഫിക്കറ്റോ അല്ലെങ്കിൽ വില്ലേജ് ഓഫീസറിൽ കുറയാതെയുള്ള റവന്യൂ അധികാരിയിൽ നിന്നും ലഭിക്കുന്ന ജാതി സർട്ടിഫിക്കറ്റോ, ഇതിൽ ഏതെങ്കിലും ഒന്നും ഒപ്പം വനവുമായി ബന്ധപ്പെട്ട് ഉപജീവനം നടത്തുന്ന ആളാണെന്ന് തെളിയിക്കുന്നതിനായി ബന്ധപ്പെട്ട റേഞ്ച് ഫോറസ്റ്റ് ഓഫീസറിൽ (ടെറിട്ടോറിയൽ/വന്യജീവി വിഭാഗം) കുറയാത്ത ഉദ്യോഗസ്ഥരിൽ നിന്നും ലഭിച്ച സർട്ടിഫിക്കറ്റും അപേക്ഷയോടൊപ്പം ഹാജരാക്കേണ്ടതാണ്.**

**5 നിയമനരീതി** : നേരിട്ടുള്ള നിയമനം

<u>(വനത്തെ ആശ്രയിച്ചു കഴിയുന്നതും വനത്തിനുള്ളിലോ, വനത്താൽ ചുറ്റപ്പെട്ടതോ, വനത്തോട് ചേർന്ന് കിടക്കുന്നതോ ആയ പ്രദേശങ്ങളിലുള്ള ആദിവാസി ഊരുകളിൽ താമസിക്കുന്നവരും വനം വകുപ്പിൽ ദിവസവേതനാടിസ്ഥാനത്തിൽ കുറഞ്ഞത് 500(അഞ്ഞൂറ്) ദിവസമെങ്കിലും ജോലിചെയ്തിട്ടുള്ള ദിവസവേതനക്കാരും ഉപജീവനത്തിനായി വനത്തെ ആശ്രയിച്ചു കഴിയുന്നവരുമായ ആദിവാസി സമൂഹത്തിലെ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളിൽ നിന്നും – സ്പെഷ്യൽ റിക്രൂട്ട്മെന്റ് )</u>

<u>**കുറിപ്പ്:**</u>-**1.** വനാശ്രിതരായ ആദിവാസി-പട്ടികവർഗ്ഗവിഭാഗത്തിൽപ്പെടാത്തതും അതാതു ജില്ലയിൽ നിന്നുള്ളവരുമല്ലാത്ത ഉദ്യോഗാർത്ഥികൾ സമർപ്പിക്കുന്ന അപേക്ഷകൾ നിരസിക്കുന്നതാണ്. അങ്ങനെയുള്ളവർക്ക് അപേക്ഷ നിരസിച്ചുകൊണ്ടുള്ള അറിയിപ്പ് പ്രത്യേകമായി നൽകുന്നതല്ല.

**2.** വനാതിർത്തിയോട് ചേർന്നുള്ള രണ്ട് കി.മിപരിധിയിലുള്ള ആദിവാസി ഊരുകളിൽ താമസിക്കുന്ന ആദിവാസി സമൂഹത്തിലെ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരെ നേരിട്ട് വനത്തെ ആശ്രയിച്ച് ഉപജീവനം നടത്തുന്നവരായി കരുതാവുന്നതാണ്.

**3.** ആലപ്പുഴ ജില്ലയിൽ വനം ഇല്ലാത്തതിനാൽ പ്രസ്തുത ജില്ലയിൽ തെരഞ്ഞെടുപ്പ് ഉണ്ടായിരിക്കുന്നതല്ല.

**6 പ്രായപരിധി** : 18 – 41 , ഉദ്യോഗാർത്ഥികൾ 02.01.1981 നും 01.01.2004 നും ഇടയിൽ ജനിച്ചവരായിരിക്കണം. (രണ്ട് തീയതികളും ഉൾപ്പെടെ). വയസ്സി ളവിനെ സംബന്ധിച്ച മറ്റ് ആനുകൂല്യങ്ങൾ ഈ തെരഞ്ഞെടുപ്പിന് ബാധകമല്ല.

https://www.freshersnow.com/government-jobs-india/

7 **യോഗ്യതകൾ:**

1) **വിദ്യാഭ്യാസ യോഗ്യതകൾ:**

എസ്.എസ്.എൽ.സി യോ തത്തുല്യമായ പരീക്ഷയോ പാസ്സായവർക്കും, എസ്.എസ്.എൽ.സി കോഴ്സ് പൂർത്തിയാക്കിയതോ, തത്തുല്യ യോഗ്യതയോ ഉള്ളവർക്കും അപേക്ഷ സമർപ്പിക്കാവുന്നതാണ്.

**കുറിപ്പ്:-** 1) എസ്.എസ്.എൽ.സി പാസ്സായ ഉദ്യോഗാർഥികളുടെ അഭാവത്തിൽ മാത്രമേ എസ്.എസ്.എൽ.സി കോഴ്സ് പൂർത്തിയാക്കിയതോ, തത്തുല്യ യോഗ്യതയോ ഉള്ളവരെ പരിഗണിക്കുകയുള്ളൂ.

2) യോഗ്യത സംബന്ധിച്ച് KS&SSR Part II Rule 10(a) ii ഈ തസ്തികയ്ക്ക് ബാധകമാണ്.

2) **പുരുഷ / വനിത ഉദ്യോഗാർത്ഥികളെ സംബന്ധിച്ച മറ്റ് യോഗ്യതകൾ താഴെ പറയുന്നു.**

**(a) പുരുഷ ഉദ്യോഗാർത്ഥികൾ:**

**(i)** **ശാരീരിക യോഗ്യതകൾ** :- ഉയരം കുറഞ്ഞത് **159 സെ.മീ,** നെഞ്ചളവ് കുറഞ്ഞത് **75 സെ.മീ** ഉം **5 സെ.മീ** വികാസവും.

**(ii) കായികക്ഷമതാ പരീക്ഷ** :- എല്ലാ പുരുഷ ഉദ്യോഗാർത്ഥികളും വൺസ്റ്റാർ സ്റ്റാൻഡേർഡിലുള്ള താഴെ പറയുന്ന **8 (എട്ട്)** ഇനങ്ങളിൽ ഏതെങ്കിലും **3 (മൂന്ന്)** എണ്ണത്തിൽ യോഗ്യത നേടിയിരിക്കണം.

| ക്രമ നമ്പർ | ഇനങ്ങൾ | വൺസ്റ്റാർ നിലവാരം |
|---|---|---|
| 1 | 100 മീറ്റർ ഓട്ടം | 14 സെക്കന്റ് |
| 2 | ഹൈ ജമ്പ് | 132.20 cm |
| 3 | ലോംഗ് ജമ്പ് | 457.20 cm |
| 4 | പുട്ടിംഗ് ദി ഷോട്ട് (7264 ഗ്രാം) | 609.60cm |
| 5 | ത്രോയിംഗ് ദി ക്രിക്കറ്റ് ബോൾ | 6096 cm |
| 6 | റോപ് ക്ലൈമ്പിംഗ് (കൈകൾ മാത്രം ഉപയോഗിച്ച്) | 365.80 cm |
| 7 | പുൾ അപ്സ് അഥവാ ചിന്നിംഗ് | 8 തവണ |
| 8 | 1500 മീറ്റർ ഓട്ടം | 5 മിനിട്ട് 44 സെക്കന്റ് |

https://www.freshersnow.com/government-jobs-india/

**(b) വനിതാ ഉദ്യോഗാർത്ഥികൾ**

(i) **ശാരീരിക യോഗ്യതകൾ** :- ഉയരം കുറഞ്ഞത് **150 സെ.മീ,** നെഞ്ചളവ് ബാധകമല്ല

(ii) **കായികക്ഷമതാ പരീക്ഷ** :- എല്ലാ വനിതാ ഉദ്യോഗാർത്ഥികളും വൺസ്റ്റാർ സ്റ്റാൻഡേർഡിലുള്ള താഴെ പറയുന്ന **9 (ഒൻപത്)** ഇനങ്ങളിൽ ഏതെങ്കിലും **3 (മൂന്ന്)** എണ്ണത്തിൽ യോഗ്യത നേടിയിരിക്കണം.

| **ക്രമ നമ്പർ** | **ഇനങ്ങൾ** | **വൺസ്റ്റാർ നിലവാരം** |
|---|---|---|
| 1 | 100 മീറ്റർ ഓട്ടം | 17 സെക്കന്റ് |
| 2 | ഹൈ ജമ്പ് | 106 cm |
| 3 | ലോംഗ് ജമ്പ് | 305 cm |
| 4 | പുട്ടിംഗ് ദി ഷോട്ട് (4000 ഗ്രാം) | 400 cm |
| 5 | 200 മീറ്റർ ഓട്ടം | 36 സെക്കന്റ് |
| 6 | ത്രോയിംഗ് ദി ത്രോ ബോൾ | 1400 cm |
| 7 | ഷട്ടിൽ റെയ്സ് (2500 cm X 400 cm) | 26 സെക്കന്റ് |
| 8 | പുൾ അപ്പ് അഥവാ ചിന്നിംഗ് | 8 തവണ |
| 9 | സ്കിപ്പിംഗ് (ഒരു മിനിട്ട്) | 80 തവണ |

**കുറിപ്പ്:** ഉദ്യോഗാർത്ഥികൾക്ക് കായികക്ഷമതാ പരീക്ഷയ്ക്ക് മുന്നോടിയായി ശാരീരിക അളവെടുപ്പ് നടത്തുന്നതാണ്. നിശ്ചിത ശാരീരിക അളവുകൾ ഇല്ലാത്ത ഉദ്യോഗാർത്ഥികളെ കായികക്ഷമതാ പരീക്ഷയിൽ പങ്കെടുപ്പിക്കുന്നതല്ല. കായികക്ഷമതാ പരീക്ഷയിൽ പങ്കെടുക്കുന്നതിനിടയിൽ അപകടം സംഭവിക്കുകയോ പരിക്കേൽക്കുകയോ ചെയ്യുന്ന ഉദ്യോഗാർത്ഥികൾക്ക് പരീക്ഷയിൽ പങ്കെടുക്കാൻ വീണ്ടും അവസരം നൽകുന്നതല്ല.

**3) മെഡിക്കൽ നിലവാരം :**

എല്ലാ പുരുഷ/ വനിതാ ഉദ്യോഗാർത്ഥികൾക്കും താഴെ പറയുന്ന പ്രകാരമുള്ള മെഡിക്കൽ നിലവാരം ഉണ്ടായിരിക്കണം.

**i)** ചെവി : നല്ല കേൾവിശക്തി ഉണ്ടായിരിക്കണം.

**ii)** കണ്ണ് : കണ്ണടയില്ലാതെ താഴെ പറയുന്ന വിധത്തിലുള്ള കാഴ്ചശക്തിയുള്ളതായി സാക്ഷ്യപ്പെടുത്തിയിരിക്കണം.

https://www.freshersnow.com/government-jobs-india/

| | വലതുകണ്ണ് | ഇടതുകണ്ണ് |
|---|---|---|
| a) ദൂരക്കാഴ്ച | 6/6 സ്നെല്ലൻ | 6/6 സ്നെല്ലൻ |
| b) സമീപക്കാഴ്ച | 0.5 സ്നെല്ലൻ | 0.5 സ്നെല്ലൻ |
| c) കളർ വിഷൻ | സാധാരണ | സാധാരണ |
| d) നിശാന്ധത | ഇല്ലാതിരിക്കണം | ഇല്ലാതിരിക്കണം |

**iii)** പേശികളും സന്ധികളും : തളർവാതം ബാധിക്കാത്തതും എല്ലാ സന്ധികളും ആയാസരഹിതമായി ചലിപ്പിക്കാവുന്നതുമായിരിക്കണം.

**iv)** നാഡീവ്യൂഹം : പൂർണ്ണക്ഷമതയുള്ളതും പകർച്ചവ്യാധികളിൽ നിന്നും വിമുക്തവുമായിരിക്കണം.

**കുറിപ്പ്:** ഓരോ കണ്ണിനും പൂർണ്ണമായ കാഴ്ച ശക്തി ഉണ്ടായിരിക്കണം. കളർ ബ്ലൈൻഡ്നസ്, സ്ക്വിന്റ് അല്ലെങ്കിൽ കണ്ണിന്റെയോ കൺപോളയുടേയോ മോർബിഡ് ആയിട്ടുള്ള അവസ്ഥ എന്നിവ അയോഗ്യതയായി കണക്കാക്കുന്നതാണ്. മുട്ടുതട്ട്, പരന്ന പാദം, ഞരമ്പ് വീക്കം, വളഞ്ഞ കാലുകൾ, വൈകല്യമുള്ള കൈകാലുകൾ, കോമ്പല്ല് (മുൻ പല്ല്), ഉന്തിയ പല്ലുകൾ, കൊഞ്ഞ, കേൾവിയില്ലും സംസാരശേഷിയില്ലുമുള്ള കുറവുകൾ എന്നിങ്ങനെയുള്ള ശാരീരിക ന്യൂനതകൾ അയോഗ്യതയായി കണക്കാക്കുന്നതാണ്. ശാരീരികയോഗ്യതയും കണ്ണട കൂടാതെയുള്ള കാഴ്ച ശക്തിയും തെളിയിക്കുന്നതിന് താഴെ കൊടുത്തിട്ടുള്ള മാതൃകയിൽ സർക്കാർ സർവ്വീസിലുള്ള അസിസ്റ്റന്റ് സർജൻ / ജൂനിയർ കൺസൾട്ടന്റിന്റെ റാങ്കിൽ കുറയാത്ത റാങ്കിലുള്ള ഒരു മെഡിക്കൽ ആഫീസറിൽ നിന്നും ലഭിച്ച മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ അസ്സൽ കായികക്ഷമതാ പരീക്ഷയുടെ സമയത്ത് നടത്തുന്ന പ്രമാണ പരിശോധനാ സമയത്ത് ഹാജരാക്കേണ്ടതാണ്.

## FORM OF MEDICAL CERTIFICATE

I have this day, medically examined Sri/Smt .......................................... and found that his/her hearing is perfect, his/her muscles and joints are free from paralysis and all joints are with free movements and his/her nervous system is perfectly normal and free from any infectious diseases which would render him/her unsuitable for Government Services. His / her age accroding to his/her own statement is ..................... and by appearance is ........................ and his /her standards of vision is as follow

### Standard of vision without glass

| | | Right Eye | Left Eye |
|---|---|---|---|
| 1) | Distant Vision | ..................... Snellen | ...................... Snellen |
| 2) | Near Vision | ..................... Snellen | ...................... Snellen |

https://www.freshersnow.com/government-jobs-india/

3) Field of Vision ........................ ........................

4) Colour Vision ........................ ........................

5) Night Blindness ........................ ........................

(Specify whether field of vision is full or not. Entries such as normal, good etc are inappropriate)

He/She is physically fit for the post of **Beat Forest Office**r in the Forest Department.

Signature

Name & Designation of Medical Officer

Place:

Date: (Office Seal)

**കുറിപ്പ്:** കാഴ്ചശക്തിയെ സംബന്ധിച്ച വിവരങ്ങൾ സർട്ടിഫിക്കറ്റിൽ വ്യക്തമായി രേഖപ്പെടുത്തിയിരിക്കണം. വിഷൻ നോർമൽ, ആവറേജ് മുതലായ അവ്യക്തമായ പ്രസ്താവനകൾ സ്വീകരിക്കുന്നതല്ല. ഓരോ കണ്ണിനേയും സംബന്ധിച്ച വിവരങ്ങൾ പ്രത്യേകമായി രേഖപ്പെടുത്തിയിരിക്കണം. കാഴ്ചശക്തി മുകളിൽ സൂചിപ്പിച്ചിട്ടുള്ള വിധത്തിലല്ലെങ്കിൽ കണ്ണിന് നല്ല കാഴ്ചശക്തിയുണ്ടോ മോശമായ കാഴ്ചശക്തിയാണെന്നോ ഉള്ള വിവരം സർട്ടിഫിക്കറ്റ് നൽകുന്ന ഉദ്യോഗസ്ഥൻ സർട്ടിഫിക്കറ്റിൽ രേഖപ്പെടുത്തേണ്ടതാണ്. അല്ലാത്തപക്ഷം സർട്ടിഫിക്കറ്റ് സ്വീകരിക്കുന്നതല്ല.

## ഫോം – 1
## റേഞ്ച് ഫോറസ്റ്റ് ഓഫീസറുടെ
## സാക്ഷ്യപത്രം

**നമ്പർ :............................**

............... തീയതിയിൽ ഗസറ്റ് വിജ്ഞാപന പ്രകാരം ............... ജില്ലയിലെ...............വകുപ്പിലെ............ തസ്തികയിലേക്ക് (കാറ്റഗറി നമ്പർ : ) ............ തീയതിയിൽ അപേക്ഷ സമർപ്പിച്ച ശ്രീ/ശ്രീമതി..................... (രക്ഷിതാവിന്റെ പേര്, എന്നയാളുടെ മകൻ/ മകൾ) കേരള സംസ്ഥാനത്തെ ...........ജില്ലയിലെ.......... താലൂക്കിലെ............... വില്ലേജിലെ ..................................... വീട്ടിൽ സ്ഥിരതാമസക്കാരനാണെന്നും

(1) ഈ വ്യക്തി വനത്തിനുള്ളിലോ വനത്താൽ ചുറ്റപ്പെട്ടതോ, വനത്തോട് ചേർന്ന് കിടക്കുന്നതോ ആയ പ്രദേശങ്ങളിലുള്ള ആദിവാസി ഊരുകളിൽ താമസിക്കുന്നയാളും വനവുമായി ബന്ധപ്പെട്ട ഉപജീവനം നടത്തുന്ന ആളുമാണെന്നും സാക്ഷ്യപ്പെടുത്തുന്നു.

(2) ടിയാൻ വനം വകുപ്പിൽ ............................ മുതൽ .................................. വരെ തീയതിയിൽ .............................. തസ്തികയിൽ .................... രൂപ

https://www.freshersnow.com/government-jobs-india/

ദിവസവേതനാടിസ്ഥാനത്തിൽ ജോലി ചെയ്തിരുന്ന ആദിവാസി വിഭാഗത്തിൽപ്പെട്ട ആളാണെന്ന് സാക്ഷ്യപ്പെടുത്തുന്നു. (ബാധകമല്ലാത്ത ഭാഗം വെട്ടിക്കളയുക)

ഈ സാക്ഷ്യപത്രം മേൽ തസ്തികയ്ക്ക് വേണ്ടി കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ ഓഫീസിൽ ഹാജരാക്കുന്നതിനു വേണ്ടി നല്കിയിട്ടുള്ളതാണ്.

| | |
|---|---|
| സ്ഥലം : | പേര് : |
| തീയതി | ഉദ്യോഗപ്പേര് : |
| (ഓഫീസ് സീൽ) | ഔദ്യോഗിക വിലാസം |

8 തെരഞ്ഞെടുക്കപ്പെടുന്ന ഉദ്യോഗാർത്ഥികൾ ഒരു വർഷം ഏതെങ്കിലും ഫോറസ്റ്റ് ട്രെയിനിംഗ് സ്കൂളിൽ ട്രെയിനിംഗിൽ പങ്കെടുക്കേണ്ടതാണ്.

9 നേരിട്ടുള്ള നിയമനം വഴി ജോലിയിൽ പ്രവേശിക്കുന്നവർ ജോലിയിൽ പ്രവേശിച്ച തീയതി മുതൽ തുടർച്ചയായ മൂന്ന് വർഷത്തിനുള്ളിൽ രണ്ട് വർഷം പ്രൊബേഷനിലായിരിക്കും.

10 എൻ.സി.സി യുടെ " എ" , "ബി", " സി" സർട്ടിഫിക്കറ്റ് നേടിയിട്ടുള്ള ഉദ്യോഗാർത്ഥികൾക്ക് യഥാക്രമം " 2%" , "3%" , "5% " എന്ന ക്രമത്തിൽ 21.08.2007 തീയതിയിലെ ജി.ഒ (എം.എസ്) നമ്പർ 112/2007/എച്ച്.ഇ.ഡി.എൻ സർക്കാർ ഉത്തരവ് അനുസരിച്ച് അധിക മാർക്ക് നൽകുന്നതാണ്.

11 വനംവകുപ്പിൽ ദിവസവേതനാടിസ്ഥാനത്തിൽ കുറഞ്ഞത് 500 (അഞ്ഞൂറ്) ദിവസമെങ്കിലും ജോലിചെയ്തിട്ടുള്ള പട്ടിക വർഗ്ഗവിഭാഗത്തിൽപ്പെട്ട ദിവസവേതനജീവനക്കാർക്ക് ആകെ ഒഴിവിന്റെ 40% റിസർവേഷൻ അനുവദിക്കുന്നതാണ്. അതിനായി വനംവകുപ്പിൽ 500 ദിവസം ദിവസവേതനാടിസ്ഥാനത്തിൽ ജോലിചെയ്തു എന്ന് തെളിയിക്കുന്നതിനായി ബന്ധപ്പെട്ട റേഞ്ച് /ഡിവിഷൻതല ഓഫീസർമാരിൽ നിന്നും ലഭിച്ച സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്.

12 **അപേക്ഷ സമർപ്പിക്കേണ്ട രീതി :**

ഉദ്യോഗാർത്ഥികൾ കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ ഔദ്യോഗിക വെബ്സൈറ്റായ www.keralapsc.gov.in വഴി 'ഒറ്റത്തവണ രജിസ്ട്രേഷൻ' പ്രകാരം രജിസ്റ്റർ ചെയ്ത ശേഷമാണ് അപേക്ഷിക്കേണ്ടത്. രജിസ്റ്റർ ചെയ്തിട്ടുള്ള ഉദ്യോഗാർത്ഥികൾ അവരുടെ User ID യും Password ഉം ഉപയോഗിച്ച് Login ചെയ്ത ശേഷം സ്വന്തം Profile-ലൂടെ അപേക്ഷിക്കേണ്ടതാണ്. ഓരോ തസ്തികയ്ക്ക് അപേക്ഷിക്കുമ്പോഴും പ്രസ്തുത തസ്തികയോടൊപ്പം കാണുന്ന Notification Link ലെ `Apply Now' ൽ മാത്രം Click ചെയ്യേണ്ടതാണ് . Upload ചെയ്യുന്ന ഫോട്ടോ 31/12/2012-ന് ശേഷം എടുത്തതായിരിക്കണം. പുതിയതായി പ്രൊഫൈൽ ആരംഭിക്കുന്ന ഉദ്യോഗാർത്ഥികൾ 6 മാസത്തിനുള്ളിൽ എടുത്ത ഫോട്ടോഗ്രാഫ് അപ്ലോഡ് ചെയ്യേണ്ടതാണ്. ഫോട്ടോയുടെ താഴെ ഉദ്യോഗാർത്ഥിയുടെ പേരും, ഫോട്ടോ എടുത്ത തീയതിയും വ്യക്തമായി രേഖപ്പെടുത്തിയിരിക്കണം. നിശ്ചിത മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് Upload ചെയ്ത ഫോട്ടോയ്ക്ക് ഫോട്ടോ എടുത്ത തീയതി മുതൽ 10 വർഷക്കാലത്തേയ്ക്ക് പ്രാബല്യമുണ്ടായിരിക്കും. ഫോട്ടോ സംബന്ധിച്ച മറ്റ് നിബന്ധനകൾക്കൊന്നും

https://www.freshersnow.com/government-jobs-india/

തന്നെ മാറ്റമില്ല. അപേക്ഷാഫീസ് നൽകേണ്ടതില്ല. Password രഹസ്യമായി സൂക്ഷിക്കേണ്ടതും വ്യക്തിഗത വിവരങ്ങൾ ശരിയാണെന്ന് ഉറപ്പ് വരുത്തേണ്ടതും ഉദ്യോഗാർത്ഥിയുടെ ചുമതലയാണ്. ഓരോ തസ്തികയ്ക്ക് അപേക്ഷിക്കുന്നതിന് മുൻപും തന്റെ Profile ൽ ഉൾക്കൊള്ളിച്ചിരിക്കുന്ന വിവരങ്ങൾ ശരിയാണെന്ന് ഉദ്യോഗാർത്ഥി ഉറപ്പ് വരുത്തേണ്ടതാണ്. കമ്മീഷനുമായുള്ള എല്ലാ കത്തിടപാടുകളിലും User ID പ്രത്യേകം രേഖപ്പെടുത്തേണ്ടതാണ്. കമ്മീഷനു മുമ്പാകെ ഒരിക്കൽ സമർപ്പിച്ചിട്ടുള്ള അപേക്ഷ സോപാധികമായി സ്വീകരിക്കപ്പെടുന്നതാണ്. ആയതിനു ശേഷം അപേക്ഷയിൽ മാറ്റം വരുത്തുവാനോ വിവരങ്ങൾ ഒഴിവാക്കുവാനോ കഴിയുകയില്ല. **ഭാവിയിലെ ഉപയോഗത്തിനായി ഉദ്യോഗാർത്ഥികൾ ഓൺലൈൻ അപേക്ഷയുടെ soft copy/print out എടുത്ത് സൂക്ഷിക്കേണ്ടതാണ്. ഉദ്യോഗാർത്ഥികൾ അവരുടെ പ്രൊഫൈലിലെ 'My Applications' എന്ന Link ൽ click ചെയ്ത് അപേക്ഷയുടെ print out എടുക്കാവുന്നതാണ്. അപേക്ഷ സംബന്ധമായി കമ്മീഷനുമായി നടത്തുന്ന കത്തിടപാടുകളിൽ അപേക്ഷയുടെ print out കൂടി സമർപ്പിക്കേണ്ടതാണ്. .** തെരഞ്ഞെടുപ്പ് പ്രക്രിയയുടെ ഏതവസരത്തിലായാലും സമർപ്പിക്കപ്പെട്ട അപേക്ഷകൾ വിജ്ഞാപന വ്യവസ്ഥകൾക്ക് വിരുദ്ധമായി കാണുന്ന പക്ഷം നിരുപാധികമായി നിരസിക്കുന്നതാണ്. വിദ്യാഭ്യാസ യോഗ്യത, പരിചയം, ജാതി, വയസ്സ് മുതലായവ തെളിയിക്കുന്നതിനുള്ള പ്രമാണങ്ങളുടെ പകർപ്പുകൾ കമ്മിഷൻ ആവശ്യപ്പെടുമ്പോൾ ഹാജരാക്കിയാൽ മതിയാകും. *"ആധാർ കാർഡുള്ള ഉദ്യോഗാർത്ഥികൾ തങ്ങളുടെ പ്രൊഫൈലിൽ ആധാർ കാർഡ് തിരിച്ചറിയൽ രേഖയായി നൽകേണ്ടതാണ്."*

**അപേക്ഷയോടൊപ്പം താഴെപ്പറയുന്ന രേഖകൾ കൂടി സമർപ്പിക്കേണ്ടതാണ്.**

1) ജനനത്തീയതി/പ്രായം തെളിയിക്കുന്ന സർട്ടിഫിക്കറ്റിന്റെ പകർപ്പ്
2) വിദ്യാഭ്യാസ യോഗ്യത തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റിന്റെ പകർപ്പ്
3) ഫോം I അപേക്ഷകൻ വനത്തിനുള്ളിലോ ,വനത്താൽ ചുറ്റപ്പെട്ടതോ, വനത്തോട് ചേർന്ന് കിടക്കുന്നതോ ആയ ആദിവാസി ഊരുകളിൽ താമസിക്കുന്നയാളും വനവുമായി ബന്ധപ്പെട്ട് ഉപജീവനം നടത്തുന്ന പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടയാളുമാണെന്ന് തെളിയിക്കുന്നതിന് ബന്ധപ്പെട്ട റേഞ്ച് ഫോറസ്റ്റ് ഓഫീസറിൽ (ടെറിട്ടോറിയൽ/ വന്യജീവി വിഭാഗം) കുറയാത്ത ഉദ്യോഗസ്ഥരിൽ നിന്നും ലഭിച്ച സർട്ടിഫിക്കറ്റ്.
4) തഹസീൽദാറിൽ നിന്നും ലഭിക്കുന്ന ജാതി സർട്ടിഫിക്കറ്റ്.
5) വനാവകാശനിയമം 2006 പ്രകാരം വ്യക്തിഗത അവകാശവുമായി ബന്ധപ്പെട്ട് കുടുംബത്തിനു ലഭിച്ച വ്യക്തിഗത കൈവശാവകാശ രേഖയുടെ പകർപ്പ് .

13 **അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി :18/05/2022 ബുധനാഴ്ച** വൈകുന്നേരം 12 മണി വരെ

**യോഗ്യതകൾ തെളിയിക്കുന്ന രേഖകൾ അപേക്ഷ സമർപ്പിക്കുന്ന അവസാന തീയതി വരെ അപ് ലോഡ് ചെയ്യാവുന്നതാണ്. പിന്നീട് അതിനായി അവസരം ലഭിക്കുന്നതല്ല.**

**കുറിപ്പ്:-** ഒറ്റത്തവണ രജിസ്ട്രേഷൻ പ്രകാരം ഓൺ ലൈനായി അല്ലാതെ കേരള

https://www.freshersnow.com/government-jobs-india/

പബ്ലിക് സർവ്വീസ് കമ്മീഷൻ സെക്രട്ടറിയുടേയോ അഡീഷണൽ സെക്രട്ടറിയുടേയോ റീജിയണൽ ഓഫീസറുടേയോ ഡെപ്യൂട്ടി സെക്രട്ടറിയുടേയോ ജില്ലാ ആഫീസറുടേയോ പേരിൽ എഴുതി തയ്യാറാക്കി അയയ്ക്കുന്നതോ തപാൽ മുഖേനയോ മറ്റുവിധത്തിലോ സമർപ്പിക്കുന്നതോ ആയ അപേക്ഷകൾ നിരുപാധികം നിരസിക്കുന്നതാണ്.

14 പൊതുവ്യവസ്ഥകളിലെ രണ്ടും, മൂന്നും, ഇരുപത്തിയഞ്ചും ഖണ്ഡികകളിലെ (25-ാം ഖണ്ഡികയിലെ കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസ് ചട്ടങ്ങളുടെ രണ്ടാം ഭാഗത്തുള്ള 3(സി) വകുപ്പിനെ സംബന്ധിച്ച ചട്ടങ്ങൾ ഒഴികെയുള്ള) വ്യവസ്ഥകൾ ഈ തിരഞ്ഞെടുപ്പിന് ബാധകമല്ല.

15 നിയമനങ്ങൾ നടത്തുന്നത് ഈ വിജ്ഞാപനം ആസ്പദമാക്കി തയ്യാറാക്കുന്ന ലിസ്റ്റിലെ റാങ്ക് അനുസരിച്ചും പട്ടികജാതി/പട്ടികവർഗ്ഗക്കാർക്കായുള്ള പ്രത്യേക സംവരണം സംബന്ധിച്ച് 17/01/1976-ലെ ജി.ഒ.(പി) നമ്പർ 21/76/പി.ഡി., 22.01.1994 -ലെ ജി.ഒ.(പി) നമ്പർ 25/94/ജി.എ.ഡി, 12.02.2021 തിയ്യതിയിലെ സ.ഉ (കൈ) നം.3/ 2021/വനം, സ.ഉ.(കൈ) നം. 8/2022/ F& WLD, തീയതി 10/02/2022 എന്നീ സർക്കാർ ഉത്തരവുകളിലെ വ്യവസ്ഥകൾ അനുസരിച്ചും, നിയമനക്കാര്യത്തിൽ അപ്പോഴപ്പോൾ ഉണ്ടാകുന്ന പ്രത്യേക ചട്ടങ്ങൾ അനുസരിച്ചും 1958 - ലെ കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസ് ചട്ടങ്ങളുടെ രണ്ടാം ഭാഗത്തുള്ള 3(സി), 17(എ), 17(ബി) എന്നീ ചട്ടങ്ങൾക്ക് വിധേയമായും ആയിരിക്കുന്നതാണ്.

(ഫോട്ടോ , ഐ ഡി കാർഡ് ഉൾപ്പടെയുള്ള വിശദവിവരങ്ങൾക്ക് പൊതു വ്യവസ്ഥകൾ നോക്കുക)

**സാജു ജോർജ്ജ്**

**സെക്രട്ടറി**

**കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ**

https://www.freshersnow.com/government-jobs-india/